DESPATCHED
On 26/11/21..

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

mail: sic.ker@nic.in

ഹർജി നമ്പർ **CP 430(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10144/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 നവംബർ 22

ശ്രീമതി. പത്മാവതി,
കരിഞ്ചിറ്റ വീട്,
കുറ്റൂർ പി.ഒ.,
തൃശ്ശൂർ – 680 013.
} പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കോലഴി ഗ്രാമ പഞ്ചായത്ത്,
എം.ജി. കാവ് പി.ഒ.,
തിരൂർ, തൃശ്ശൂർ – 680 581.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.7.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 31.8.201 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 2.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.9.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 16.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ മാർ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. പത്മാവതി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 31.8.2021 വരെ യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നും ആയതിനാൽ വിവരങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, നിലം നികത്തുന്നതിന് എതിരെ ഹർജിക്കാരി 25.5.2021 തീയതി നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും,

പരാതിയിന്മേൽ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെയും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെയും പകർപ്പ് എന്നിവ നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 22.7.2021-ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരി 7.7.2021-ന് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് പ്രകാരമുള്ള രേഖയുടെ പകർപ്പ് അനുവദിക്കുന്നതിനായി പകർപ്പ് ഫീസ് ഇനത്തിൽ 2/- രൂപ ഒടുക്കുന്നതിനായി 3.8.21 തീയതിയിൽ സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടിയാൾ നാളിതുവരെ പകർപ്പ് ഫീസ് ഒടുക്കിയിട്ടില്ലാത്തതിനാൽ വിവരം കൈമാറുവാൻ സാധിച്ചിട്ടില്ല എന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലെ രേഖ നൽകുന്നതിന് ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 3.8.2021-ന് കത്ത് അയച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി കത്ത് ഹർജിക്കാരിക്ക് ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരിക്ക് സൗജന്യമായി അയച്ചു കൊടുക്കണമെന്നും ഹർജിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അനുമതി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk